**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2320** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കുകൾക്ക് സമീപം ബീവറേജ് ഔട്ട്ലെറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2016 ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന ബാറുകൾ, ബീവറേജ് ഔട്ട് ലെറ്റുകൾ എന്നിവയുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | 2016ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 29 ബാറുകളും 306ബിവറേജസ് ഔട്ട് ലെറ്റുകളും (FL-1) ഉണ്ടായിരുന്നു. |
| (ബി) | 2016 മെയ് മുതൽ നാളിതുവരെ എത്ര ബാറുകൾ, ബീവറേജ് ഔട്ട്ലെറ്റുകൾ എന്നിവ പുതുതായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) | 2016 മെയ് മുതൽ നാളിതുവരെ 229 ബാറുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2015 മാർച്ച് 31 ന് മുൻപ് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 440 ഹോട്ടലുകളുടെ FL3 ലൈസെൻസ് പുതുക്കി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 2016 മെയ് മുതൽ നാളിതുവരെ പുതുതായി ബിവറേജ് ഔട്ട് ലെറ്റുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള ഷോപ്പുകളിലെ തിരക്ക് കുറയ്ക്കുന്നതിനും ഷോപ്പുകളിലെ നീണ്ട നിര ഇല്ലാതാക്കുന്നതിനും അതിലൂടെ സമീപ റോഡുകളിൽ ഉണ്ടാകുന്ന ഗതാഗത തടസ്സവും ഔട്ട് ലെറ്റുകളുടെ സമീപവാസികൾക്കുണ്ടാകുന്ന അസൗകര്യവും ഒഴിവാക്കുന്നതിനായി പുതിയ ബിവറേജ് ഔട്ട് ലെറ്റുകൾ (FL 1) പുതുതായി തുറക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ അടച്ചുപൂട്ടിയ 78 ബിവറേജ് ഔട്ട് ലെറ്റുകൾ (FL-1) തുറക്കാനും അനുവാദം നല്കിയിട്ടുണ്ട്. |
| (സി) | ഐ.ടി. പാർക്കുകൾക്ക് സമീപം ബാറുകൾ, പബ്ബുകൾ തുടങ്ങിയവ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഐ.ടി. പാർക്കുകൾക്ക് സമീപം നിയമാനുസരണം യോഗ്യതയുള്ളവർക്ക് ഇപ്പോൾ തന്നെ ബാറുകൾ ലഭ്യമാണ്. പബ്ബുകൾ അനുവദിക്കുന്നതിന് വിദേശ മദ്യ ചട്ടത്തിൽ വ്യവസ്ഥയുണ്ടായിട്ടും ആരും തന്നെ ഇതുവരെ ടി ലൈസൻസ് എടുത്തിട്ടില്ല. സംസ്ഥാനത്ത് ഐ.റ്റി പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഇത്തരം പാർക്കുകളിൽ മൂലധന നിക്ഷേപത്തിന് തയ്യാറാവുന്നവർക്കും ഐ.റ്റി പാർക്കുകളിൽ. അവരുടെ ജീവനക്കാർക്കും അതിഥികൾക്കും |

| | | | |
|---|---|---|---|
| | | | പ്രവർത്തി സമയത്തിന് ശേഷമുള്ള വേളകളിൽ വിനോദത്തിന് അവസരം നൽകുന്നതിന്റെ ഭാഗമായി ഐ.റ്റി പാർക്കുകളിലെ ഇതിനായി നീക്കി വയ്ക്കുന്ന പ്രത്യേക സ്ഥലങ്ങളിൽ കർശനമായ വ്യവസ്ഥകളോടെ മദ്യം നൽകുന്നതിനായി ഐ.റ്റി പാർക്ക് ലോഞ്ച് ലൈസൻസ് എന്ന പേരിൽ വിദേശ മദ്യ ചട്ടത്തിൽ ഉൾപ്പെടുത്തി ലൈസൻസ് അനുവദിക്കുമെന്ന് 2022-23 മദ്യ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ചട്ടം രൂപീകരിച്ചു വരുന്നു. |
| (ഡി) | മദ്യത്തിന്റെ സുലഭമായ ലഭ്യത സമൂഹത്തെ മദ്യാസക്തിയിലേക്കും തൊഴിലിടങ്ങളെ അരാചകത്തത്തിലേക്കും നയിക്കുമെന്ന കാരണത്താൽ മദ്യ നയങ്ങളിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | മദ്യനിരോധനം പ്രയോഗികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയില്ലെന്ന് അനുഭവങ്ങളിലൂടെ ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് മദ്യ വർജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ട് വരുക എന്ന ലക്ഷ്യത്തിലൂന്നി സർക്കാർ മദ്യ നയം പ്രഖ്യാപിച്ചിരിക്കുന്നത്. മദ്യ ഷോപ്പുകൾ ഇല്ലാതിരിക്കുന്നത് വ്യജമദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപയോഗം വർദ്ധിക്കുന്നതിന് കാരണമാകും. മദ്യശാലകൾ അടച്ചിടുന്നത് കൊണ്ട് മദ്യത്തിന്റെ ഉപയോഗം കുറയുന്നില്ല എന്നാണ് 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലേയും 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലേയും കെ.എസ്.ബി.സി. വഴിയുള്ള മദ്യ വില്പനയുടെ കണക്ക് പരിശോധിച്ചതിൽ നിന്ന് ബോദ്ധ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ